**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2963** **14-02-2024 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി-പട്ടികവർഗ വികസന ഫണ്ട് വിനിയോഗത്തിലെ ക്രമക്കേട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഉമ തോമസ് | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പട്ടികജാതി, പട്ടികവർഗ വികസന ഫണ്ടിന്റെ വിനിയോഗത്തിൽ കഴിഞ്ഞ സർക്കാരിന്റെ (2016-21) കാലം മുതൽ നാളിതുവരെ എത്ര കോടി രൂപയുടെ അഴിമതി/ ക്രമക്കേട് നടന്നതായാണ് കണ്ടെത്തിയിട്ടുള്ളത്; വിശദാംശങ്ങൾ ഇനം തിരിച്ച് വ്യക്തമാക്കുമോ; | (എ) | ഇടുക്കി ജില്ലയിലെ മറയൂർ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസിന്റെ പരിധിയിൽ ജനനി ജന്മ രക്ഷാ പദ്ധതി, ലൈഫ് മിഷൻ ഒന്നാം ഘട്ടം ഭവന നിർമ്മാണം എന്നിവയിലെ ക്രമക്കേട് വകുപ്പിലെ ആഭ്യന്തര പരിശോധനാ സംഘം കണ്ടെത്തുകയും തുടർന്ന് ആയത് സംബന്ധിച്ച് വിജിലൻസ് VC 15/21/IDK നമ്പർ കേസ് രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. വിജിലൻസ് റിപ്പോർട്ട് ലഭ്യമായിട്ടില്ല.<br><br>പത്തനംതിട്ട ജില്ലയിൽ ട്രൈബൽ ഡവലപ്മെന്റ് ഓഫീസിന്റെ പരിധിയിൽ "ആശിക്കും ഭൂമി ആദിവാസിക്ക് സ്വന്തം" പദ്ധതിയിലെ ക്രമക്കേട് സംബന്ധിച്ച് VC 1/17/PTA നമ്പർ കേസിൽ വിജിലൻസ് റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. വകുപ്പിൽ നിന്നും പ്രോസിക്യൂഷൻ അനുമതി നൽകിയിട്ടുമുണ്ട്.<br><br>ജനനീ ജന്മരക്ഷ പദ്ധതി നടത്തിപ്പിലെ തുക വിതരണം ചെയ്യുന്നതിലുണ്ടായ ക്രമക്കേട് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് സർക്കാരിൽ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ധനകാര്യ വകുപ്പ് മുഖേന അന്വേഷണം നടത്തുകയും തുടർന്ന് വിജിലൻസ് VC.08/2017/SRT നമ്പരിൽ കേസ് രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമായിട്ടില്ല.<br><br>കണ്ണൂർ ഐ.ടി.ഡി പ്രോജക്ട് ഓഫീസിന്റെ അധികാര പരിധിയിൽ ആലക്കോട് സൈറ്റ് മാനേജർ ഭവന നിർമ്മാണവുമായി ബന്ധപ്പെട്ട് 10,000/- രൂപ കൈക്കൂലി വാങ്ങുന്നതിനിടെ വിജിലൻസ് അറസ്റ്റ് ചെയ്യുകയും VC.03/2023/KNR എന്ന നമ്പരിൽ കേസ് രജിസ്റ്റർ ചെയ്യുകയും വിജിലൻസ് അന്വേഷണം പൂർത്തിയാകുന്നത് വരെ ടിയാന്റെ സസ്പെൻഷൻ നീട്ടി നൽകി ഉത്തരവായിട്ടുമുണ്ട്. |

| | | | |
|---|---|---|---|
| | | | **പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട് വിവരം ശേഖരിച്ചു വരുന്നു.** |
| (ബി) | പ്രസ്തുത അഴിമതി/ക്രമക്കേട് കണ്ടെത്തിയത് ഏത് ഏജൻസിയാണെന്നും ഓരോ ക്രമക്കേടിലും ഉത്തരവാദികളായവർക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ? | (ബി) | **ഇടുക്കി ജില്ലയിലെ മറയൂർ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസിന്റെ പരിധിയിൽ ജനനി ജന്മ രക്ഷാ പദ്ധതി, ലൈഫ് മിഷൻ ഒന്നാം ഘട്ടം ഭവന നിർമ്മാണം എന്നിവയിലെ ക്രമക്കേട് വകുപ്പിലെ ആഭ്യന്തര പരിശോധനാ സംഘം കണ്ടെത്തുകയും തുടർന്ന് ആയത് സംബന്ധിച്ച് വിജിലൻസ് VC 15/21/IDK നമ്പർ കേസ് രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. വിജിലൻസ് റിപ്പോർട്ട് ലഭ്യമായിട്ടില്ല.**<br><br>**പത്തനംതിട്ട ജില്ലയിൽ ട്രൈബൽ ഡവലപ്മെന്റ് ഓഫീസിന്റെ പരിധിയിൽ "ആശിക്കും ഭൂമി ആദിവാസിക്ക് സ്വന്തം" പദ്ധതിയിലെ ക്രമക്കേട് സംബന്ധിച്ച് VC 1/17/PTA നമ്പർ കേസിൽ വിജിലൻസ് റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. വകുപ്പിൽ നിന്നും പ്രോസിക്യൂഷൻ അനുമതി നൽകിയിട്ടുമുണ്ട്.**<br><br>**ജനനി ജന്മരക്ഷ പദ്ധതി നടത്തിപ്പിലെ തുക വിതരണം ചെയ്യുന്നതിലുണ്ടായ ക്രമക്കേട് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് സർക്കാരിൽ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ധനകാര്യ വകുപ്പ് മുഖേന അന്വേഷണം നടത്തുകയും തുടർന്ന് വിജിലൻസ് VC.08/2017/SRT നമ്പരിൽ കേസ് രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമായിട്ടില്ല.**<br><br>**കണ്ണൂർ ഐ.ടി.ഡി പ്രോജക്ട് ഓഫീസിന്റെ അധികാര പരിധിയിൽ ആലക്കോട് സൈറ്റ് മാനേജർ ഭവന നിർമ്മാണവുമായി ബന്ധപ്പെട്ട് 10,000/- രൂപ കൈക്കൂലി വാങ്ങുന്നതിനിടെ വിജിലൻസ് അറസ്റ്റു ചെയ്യുകയും VC.03/2023/KNR എന്ന നമ്പരിൽ കേസ് രജിസ്റ്റർ ചെയ്യുകയും വിജിലൻസ് അന്വേഷണം പൂർത്തിയാകുന്നത് വരെ ടിയാന്റെ സസ്പെൻഷൻ നീട്ടി നൽകി ഉത്തരവായിട്ടുമുണ്ട്.**<br><br>**പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട് വിവരം ശേഖരിച്ചു വരുന്നു.** |

സെക്ഷൻ ഓഫീസർ